യുള്ള നിരവധി ആവശ്യങ്ങൾ മുൻനിറുത്തിയാണ് വിദ്യാർത്ഥികളും രക്ഷാകർത്താക്കളും ഈ സെക്രട്ടറിയറ്റിന്റെ മുമ്പിൽ മാർച്ച് ചെയ്തു വന്നിരിക്കുന്നത്. അതിഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയും അടിയന്തിരമായി വിദ്യാർത്ഥികളുടെ പേരിലുള്ള കേസുകൾ പിൻവലിച്ച് പ്രീഡിഗ്രി പരീക്ഷാഫലം റദ്ദുചെയ്തു അത് വീണ്ടും നടത്താനുള്ള നടപടികൾ എടുക്കുകയും ചെയ്യണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ. ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളിൽ ഏതെങ്കിലും വിധത്തിൽ പ്രതികാര നടപടിയുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെടുത്തിയാൽ അത് അന്വേഷിച്ച് അതിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന നടപടികൾ സ്വീകരിക്കാൻ സന്നദ്ധമാണ്. വളരെ ബുദ്ധിമുട്ടി പ്രസിദ്ധപ്പെടുത്തിയ പ്രീഡിഗ്രി റിസൾട്ട് റദ്ദ് ചെയ്യുകയില്ലെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്. അതിൽ ബാക്കിയുള്ള നടപടികൾ പൂർത്തിയാക്കും. കേസുകൾ പിൻവലിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അക്രമസ്വഭാവമുള്ള കേസുകൾ പിൻവലിക്കുകയില്ലെന്ന് ആദ്യമേ പറഞ്ഞിട്ടുള്ളതാണ്. പൊതുമുതൽ നശിപ്പിക്കുക, ട്രാൻസ്പോർട്ട് ബസ് കത്തിക്കുക തുടങ്ങിയ കേസുകൾ ഒഴിച്ച് ബാക്കി എല്ലാ കേസുകളും പിൻവലിക്കാം. ബാക്കി പ്രശ്നങ്ങൾ എന്താണെന്ന് അറിയിച്ചാൽ അതിനെക്കുറിച്ച് അന്വേഷിക്കുകയും ചെയ്യാം.

(9) അനാഥാലയങ്ങൾക്ക് നൽകുന്ന ഗ്രാന്റ്

ശ്രീ. പി. സീതിഹാജി: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതി സർക്കാരിന്റെ മുമ്പിൽ ഉണർത്തിക്കാനുണ്ട്. ഈ സംസ്ഥാനത്തെ അനാഥാലയങ്ങളിലുള്ള കുട്ടികൾക്ക് നമ്മുടെ സർക്കാർ 60 രൂപയാണ് ഗ്രാന്റ് കൊടുക്കുന്നത്. ഇപ്പോൾ ഗവൺമെന്റ് ഒരു ഉത്തരവ് 16-9-1985 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. 130 രൂപയിലധികം ഒരു മാസത്തിൽ ഒരു കുട്ടിക്കുവേണ്ടി ചിലവാക്കിയാൽ അവരുടെ ഗ്രാന്റ് കുറക്കുമെന്ന് പറഞ്ഞുകൊണ്ട്. മനസ്സിലാക്കാൻ കഴിയാത്ത ഒരു കാര്യമാണ് ഇത്. 130 രൂപകൊണ്ട് ഒരു കുട്ടി എങ്ങനെ ജീവിക്കും. അനാഥാലയത്തിലെ ഒരു കുട്ടിക്ക് ഒരു കൊല്ലത്തിൽ ചുരുങ്ങിയത് ആറ് ജോഡി ഡ്രസ് എങ്കിലും കൊടുക്കണം. ഭക്ഷണം, ചികിത്സ പാഠപുസ്തകങ്ങൾ ഇവയ്ക്കെല്ലാം കൂടി 130 രൂപയിലധികം ചെലവാക്കിയാൽ ഗ്രാന്റ് കിട്ടുകയില്ല. ആ കുട്ടികളെ നമ്മുടെ കുട്ടികളെപ്പോലെ മനുഷ്യരാക്കികൊണ്ട് വരുന്നതിനുവേണ്ടി ഈ രാജ്യത്ത് ശ്രമിക്കുന്ന സന്നദ്ധ സംഘടനകളെ ഇങ്ങനെ വീർപ്പുമുട്ടിക്കുന്ന ഒരു സ്ഥിതിയിലേക്ക് ഗവൺമെന്റ് എന്തിനാണ് പോയതെന്ന് അറിയില്ല. അതിനു ഒരു കാരണം പറയുന്നത് ഫോറിൻ എയ്ഡ് കിട്ടുമെന്നാണ്. ഫോറിൻ ഗവൺമെന്റിന്റെ എയിഡ് വാങ്ങിക്കുകയാണെങ്കിൽ മനസ്സിലാക്കാം. നമ്മുടെ രാജ്യത്തുനിന്ന് ലക്ഷക്കണക്കിനാളുകൾ ഗൾഫ് രാജ്യങ്ങളിലും മറ്റു രാജ്യങ്ങളിലും പോയി ജോലി ചെയ്യുന്നുണ്ട്. അവർ അവർക്കു കിട്ടുന്ന വേതനത്തിൽ നിന്ന് ഒരു ചെറിയ ഭാഗം ഈ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുത്താൽ അതും ഫോറിൻമണിയാണ്, അതുകൊണ്ട് ഗ്രാന്റ് കൊടുക്കാൻ പാടില്ല എന്ന് പറയുന്നത് ശരിയല്ല. ഈ കുട്ടികൾക്ക് രണ്ടു രൂപ വീതമാണ് ഗവൺമെന്റ് കൊടുക്കുന്നത്. 100 കുട്ടികൾ ഉണ്ടെങ്കിൽ അനുപതോ

LIBRARY ARCHIVES Kerala Legislative Assembly

എഴുപതോ കുട്ടികൾക്കേ സർക്കാർ കൊടുക്കുന്നുള്ളു. കഴിഞ്ഞകൊല്ലത്തെ ഗ്രാൻറുതന്നെ ഇതുവരെ കൊടുത്തുകഴിഞ്ഞിട്ടില്ല. നാട്ടുകാരാരെങ്കിലും പിരിക്കുന്നതിനോ ഇങ്ങനെ സംഭാവന ചെയ്യുന്നതിനോ നിയന്ത്രണം വയ്ക്കുന്നതിന് സർക്കാർ തീരുമാനം എടുത്തതിനുള്ള കാരണം മനസ്സിലാകുന്നില്ല. ഫോറിൻഗവൺമെൻറ് കൊടുക്കുന്നതാണെങ്കിൽ ഫോറിൻ ആക്ട് പ്രകാരം നിയന്ത്രിച്ചോട്ടെ. നാട്ടുകാർ ഡ്രാഫ്റ്റോ ഫോറിൻമണിയോ അയച്ചുകൊടുക്കുകയാണെങ്കിൽ അതിന് കണക്കു വെയ്ക്കാം. അതിന് ഞങ്ങൾക്ക് വിരോധമില്ല. പക്ഷേ 130 രൂപയിൽ അധികം ചെലവാക്കിയാൽ ഗ്രാൻറ് നിറുത്തുമെന്നുപറയുന്ന ഈ ക്രൂരമായ ഓർഡിനൻസ് പുറപ്പെടുവിക്കാൻ സർക്കാരിന് എന്ത് വികാരമാണ് ഉണ്ടായത്. അതുകൊണ്ട് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്, അവരുടെ കുറ്റംകൊണ്ടല്ല അവർ അനാഥരായത്, ദൈവം നമുക്ക് പരീക്ഷണത്തിന് ഇട്ടുതന്ന ആ കുട്ടികളെ മനുഷ്യരാക്കി ജീവിപ്പിക്കുവാൻ, മനുഷ്യരായി ഈ രാജ്യത്ത് നടക്കുന്നതിനുവേണ്ടി കൊലപാതകികളും, വ്യഭിചാരികളും പിടുകളിക്കാരുമായി മാറാതെയിരിക്കുവാൻ വേണ്ടി ഈ രാജ്യത്തെ നല്ലവരായ ജനങ്ങൾ ചെയ്യുന്ന സംഭാവനകൊണ്ട് ജീവിക്കുന്നവർക്ക് 130 രൂപയേ ചെലവാക്കാൻ പാടുള്ളു എന്നുപറഞ്ഞ് ഒരു കടുത്ത നിയമം കൊണ്ടുവന്നത് വളരെ ക്രൂരമായിപ്പോയി എന്നാണ്. ആ ഓർഡിനൻസ് പിൻവലിക്കണം. 1964-ൽ ബഹുമാനപ്പെട്ട ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് പുറപ്പെടുവിച്ച് ആ ഉത്തരവ് നിലനിറുത്തണമെന്ന് വിനീതനായി സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ബഹുമാനപ്പെട്ട പി. സീതിഹാജി സഭയുടെ മുമ്പാകെ പ്രകടിപ്പിച്ച വികാരംപോലെതന്നെ തൃശ്ശൂർ ബിഷപ്പ് ശ്രീ. ജോസഫ് കുണ്ടുകുളമടക്കം പല അനാഥമന്ദിരങ്ങളിൽ നിന്നും ട്രസ്റ്റുകളിൽനിന്നും, ഭാരവാഹികളിൽ നിന്നും ഈ നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്. 22-11-1982ന് കൂടിയ ആറാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ശക്തമായ അഭിപ്രായവും അതിൽ ലോക്കൽ ഫണ്ട് എക്സാമിനറും സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറും മറ്റ് ഉദ്യോഗസ്ഥൻമാരും പരിശോധിച്ചു നിർദ്ദേശിച്ചതുമായ കാര്യം കൂടിയാണിത്. ഇതിൽ മറ്റ് യാതൊരു വിധത്തിലുള്ള ക്രൂരതയ്ക്കും ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. നാം കുട്ടികൾക്ക് 60 രൂപയേ കൊടുക്കുന്നുള്ളു. 130 രൂപവരെ ചിലവഴിക്കാമെന്നാണ് ഇന്നുള്ള നിബന്ധന. ഇതേക്കുറിച്ച് ഗവൺമെൻറ് പുനഃപരിശോധന നടത്താൻ തയ്യാറാണ്. ഇതേപ്പറ്റി ആലോചിക്കുന്നതിന് ഗവൺമെൻറിന് യാതൊരുപ്രയാസവും മടിയുമില്ല. ചിലപ്പോൾ കേന്ദ്രതലത്തിലും ചർച്ചകൾ നടക്കുമ്പോൾ ഈ പ്രശ്നം ഉന്നയിക്കപ്പെടാറുണ്ട്. ഈ ഗവൺമെൻറുകൊടുക്കുന്ന സഹായത്തിനുപുറമെ വിദേശത്തുനിന്നും സഹായം കിട്ടുന്ന ചില സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ആ പണം പല പ്രകാരത്തിലും ദുരുപയോഗപ്പെടുത്തിക്കളയുന്നുവെന്ന ആക്ഷേപങ്ങളുണ്ട്. അപ്പോൾ ആ വിദേശ പണം ലഭിക്കുന്നുണ്ടെങ്കിൽ ഉണ്ട്, ഇല്ലെങ്കിൽ ഇല്ല എന്ന് ഗവൺമെൻറിനോടുപറഞ്ഞാൽ മതി. വളരെ നിരുപദ്രവകരമായ നിലയിലുള്ള തീരുമാനവും അഭിപ്രായവും മാത്രമാണ് ഗവൺമെൻറിനുള്ളത്. ആറുമാസം കൂടുമ്പോൾ ആ കണക്ക് ഫോറിൻ റഗുലേഷൻ ആക്ട് പ്രകാരം കേന്ദ്രഗവൺമെൻറിനു കൊടുക്കുന്നുണ്ടെന്നാണ് മറുപടി പറഞ്ഞിട്ടുള്ളത്. അതിൻറെ കോപ്പി സംസ്ഥാനഗവൺമെൻറിനു തന്നാൽ മതി. ഗവൺമെൻറിന് യാതൊരു പിടിവാശിയുമില്ല. ഈ 60 രൂപ കൊടുക്കുന്നതുതന്നെ വർദ്ധിപ്പിച്ച് കൊടുക്കുവാൻ ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചുവരികയാണ്. 130 രൂപവരെ ചിലവഴിക്കാവൂ എന്നുള്ളതും ഗവൺമെൻറ് പുനഃപരിശോധിച്ചുവരികയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട സീതിഹാജി പറഞ്ഞ ഒരു വശത്തോട് ഞാൻ യോജിക്കുന്നു. ഇതേപ്പറ്റി ഗവൺമെൻറ് ഒരു പുനരവലോകനം നടത്തുന്നതാണ്. ഗവൺമെൻറിന്റെ വികാരം ഇതുമാത്രമാണ്. ഫോറിൻ മണി ദുരുപയോഗപ്പെടുത്താൻ പാടില്ല, കുട്ടികളുടെ പേര് പറഞ്ഞുകൊണ്ട് മറ്റു നിലയിൽ ആ പണം ദുരുപയോഗപ്പെടുത്തുന്നവരുണ്ടെങ്കിൽ അതു നിയന്ത്രിക്കുക മാത്രമാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് ഇത് പുനഃപരിശോധിക്കാൻ ഗവൺമെൻറ് തയ്യാറാണ്.

IV. ധനകാര്യം

1986–87–സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറിന്റെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ—XXXVIII വ്യവസായങ്ങൾ

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, വ്യവസായങ്ങൾ എന്ന 38-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു†

സഹകരണവകുപ്പുമന്ത്രി (ശ്രീമതി കെ. കമലം): ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വ്യവസായങ്ങൾ എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,82,85,700 രൂപയിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യണമെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. രാജൻ: സർ, വ്യവസായങ്ങൾ എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,82,85,700 രൂപയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, വ്യവസായങ്ങൾ എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,82,85,700 രൂപയിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

† അനുബന്ധം—V

LIBRARY ARCHIVES Kerala Legislative Assembly